"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ശശീന്ദ്രൻപിള്ള, ശ്രീരാമ വിലാസം, കല്ലുവാതുക്കൽ, കൊല്ലം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.248/2024/ID തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 05.01.2024 തീയതിയിലെ DOTHI-DMG/2090/2023-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.ശശീന്ദ്രൻപിള്ള, ശ്രീരാമ വിലാസം, കല്ലുവാതുക്കൽ, കൊല്ലം 11.01.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 02.03.2024 ലെ ഡിഎംജി/542/2024-എം1 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ റീസർവ്വേ നമ്പർ 195/2, 196/10, 196/19, 196/18, 195/11, 195/12, 196/11, 196/20, 196/14-1 ൽ പെട്ട 1.2178 ഹെക്ടർ സ്ഥലത്ത് കരിങ്കല്ല് ഖനനം. ചെയ്യുന്നതിനായി ശ്രീ.ശശീന്ദ്രൻ പിള്ള, ശ്രീരാമവിലാസം, കല്ലുവാതുക്കൽ.പി.ഒ, കൊല്ലം എന്ന വ്യക്തിക്ക് ക്വാറിയിങ് ലീസ് അനുവദിച്ചിരുന്നു. ടി ക്വാറിയിൽ മൈനിംഗ് & ജിയോളജി വകുപ്പ് സർവ്വേയർ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി സമർപ്പിച്ച റിപ്പോർട്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് വിശകലനം ചെയ്തതിൽ ലീസ് ഏരിയയിൽ നിന്നും 31531200 $m^3$, ബഫർസോണിൽ നിന്നും 11328 $m^3$ അളവിൽ ധാതുക്കൾ നിക്കം ചെയ്തതിൽ 7104.948 $m^3$ overburden ഉം ഉൾപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ടി ലീസിന്റെ അംഗീകരിച്ച മൈനിങ് പ്ലാനിൽ ലീസ് അനുവദിക്കുന്നതിനു മുമ്പ് തന്നെ 32287 മെട്രിക് ടൺ കരിങ്കൽ ഖനനം ചെയ്തിരുന്നതായും കണ്ടിട്ടുണ്ട്. കോമ്പസ് പോർട്ടൽ പരിശോധിച്ചതിൽ നിന്നും അനുമതി പ്രകാരം 27/5/2022 മുതൽ സർവ്വേ നടത്തിയ തീയതി (6/11/2023) വരെ 18042.262 മെട്രിക് ടൺ കരിങ്കൽ നിക്കം ചെയ്തിട്ടുള്ളതാണ്. മേൽ കണക്കുകൾ പ്രകാരം ടി ക്വാറിയിൽ നിന്നും അനധികൃതമായി 39056.008 മെട്രിക് ടൺ കരിങ്കൽ ഖനനം ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടണ്ണിന് 240/- രൂപ നിരക്കിൽ 39056.008 മെട്രിക് ടണ്ണിന് റോയൽറ്റി, വില ഇനത്തിൽ 9373442/- രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 500000/- രൂപയും ചേർത്ത് ആകെ 98,73,442/- രൂപ ഒടുക്കുന്നതിനും, അല്ലാത്തപക്ഷം ടി തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതാണെന്നും അറിയിച്ച് തിരുവനന്തപുരം ജിയോളജിസ്റ്റ് 05.01.2024 തീയതിയിൽ

നൽകിയ പരാമർശം (1) ഡിമാന്റ് നോട്ടീസിനെതിരെ ലീസുടമയായ ശ്രീ.ശശീന്ദ്രൻ പിള്ള പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി 20/03/2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, ടിയാന്റെ അഡ്വക്കേറ്റും, തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. താൻ ഖനനം നടത്തുന്നതിനായി നീക്കിയിട്ടിരുന്ന മണ്ണും, ഉരുളൻകല്ലും അടങ്ങുന്ന ഓവർബർഡൻ പരിശോധനാ സമയത്ത് കണക്കിലെടുക്കാതെയാണ് ജിയോളജിസ്റ്റ് ആകെ നീക്കം ചെയ്തിരിക്കുന്ന ധാതുവിന്റെ അളവ് കണക്കാക്കിയിരിക്കുന്നതെന്നും, ആയതിനാൽ ആയത് കൂടി പരിഗണിച്ച് ആകെ നീക്കം ചെയ്തിരിക്കുന്ന ധാതുവിന്റെ അളവ് വീണ്ടും കണക്കാക്കണമെന്നും, കൂടാതെ താൻ ഖനനം ചെയ്തിരിക്കുന്ന വിവിധ കാലഘട്ടങ്ങൾ പരിഗണിച്ച് ആയതിനനുസരിച്ച് റോയൽറ്റി കണക്കാക്കണമെന്നും ഹർജിക്കാരൻ ഹിയറിംഗ് വേളയിൽ അപേക്ഷിക്കുകയുണ്ടായി.

4. അപ്പീൽ ഹർജി സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ റീ സർവ്വേ നമ്പർ 195/2, 196/10, 196/19, 196/18,195/11, 195/12, 196/11, 196/20, 196/14-1 ൽപ്പെട്ട 1.2178 ഹെക്ടർ വസ്തുവിൽ നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 9/05/22 തീയതിയിൽ 42/22-23/9172/എം3/2021/ഡിഎംജി നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ കക്ഷിക്ക് ലീസ് ഉത്തരവ് നൽകിയിട്ടുണ്ട്. 6.11.2023 ൽ ക്വാറിയിൽ നടത്തിയ ടോട്ടൽ സ്റ്റേഷൻ സർവ്വേയിൽ നിന്നും ക്വാറി ഉടമ അനധികൃതമായി 39056.008 മെട്രിക് ടൺ കരിങ്കല്ല് ഖനനം ചെയ്തു നീക്കിയതായി കാണുകയും ആയതിനു 2023 ലെ ഭേദഗതി ചട്ട പ്രകാരം ടണ്ണിനു 240/-രൂപ നിരക്കിൽ പെനാൽറ്റിയായും കോമ്പൗണ്ടിംഗ് ഫീസിനത്തിൽ 5,00,000/- രൂപയും ചേർത്ത് 98,73,442 ഒടുക്കുന്നതിന് 07.01.2024ൽ ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. ലീസ് അനുവദിക്കുന്നതിനു മുമ്പ് നടന്ന ഖനനവും (32287 മെട്രിക് ടൺ) സ്ഥലത്ത് ശേഖരിച്ചിട്ടുള്ള ഓവർബർഡന്റെ അളവും നിയമപരമായി നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവും പരിഗണിച്ച ശേഷമാണ് അനധികൃത ഖനനം തിട്ടപ്പെടുത്തിയിട്ടുള്ളത്. ക്വാറി ഉടമയ്ക്ക് പെനാൽറ്റി കണക്കാക്കുമ്പോൾ കാലാകാലങ്ങളിൽ ഖനനം ചെയ്ത അളവ് പരിഗണിക്കണമായിരുന്നുവെങ്കിൽ 2023 ഒക്ടോബർ മാസം മുൻപ് സർക്കാർ നിർദേശ പ്രകാരമുള്ള അദാലത്തിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ടായിരുന്നു. ഇപ്രകാരം അപേക്ഷ നൽകാത്ത സാഹചര്യത്തിലാണ് സർവ്വേ നടത്തിയ കാലയളവിലെ നിയമം ബാധകമാക്കിയിട്ടുള്ളത്. അദാലത്തിന്റെ കാലാവധി 2024 ഫെബ്രുവരി 29 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ അപ്പീൽ അപേക്ഷയിന്മേൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദാലത്തിൽ ഉൾപ്പെടുത്തി പെനാൽറ്റി പുനർനിർണ്ണയം നടത്താവുന്നതാണ്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ ഹർജിക്കാരന്റെ വാദങ്ങളുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വാദങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. ലീസ് അനുവദിക്കുന്നതിനു മുമ്പ് നടന്ന ഖനനവും, സ്ഥലത്ത് ശേഖരിച്ചിട്ടുള്ള ഓവർബർഡന്റെ

അളവും നിയമപരമായി നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവും പരിഗണിച്ച ശേഷമാണ് അനധികൃത ഖനനം തിട്ടപ്പെടുത്തിയിട്ടുള്ളത് എന്ന് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അനധികൃതമായി നീക്കം ചെയ്ത ധാതുവിന്റെ അളവ് കണക്കാക്കണമെന്ന ഹർജിക്കാരന്റെ വാദം അംഗീകരിക്കാനാകില്ല. അധിക ഖനന/അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയും, മാനദണ്ഡങ്ങൾ നിഷ്കർഷിച്ചും 25/08/2023 ൽ പുറപ്പെടുവിച്ച സ.ഉ(കൈ) നം.61/2023/വ്യവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും, ഇതു സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്ന സമയപരിധി 31/03/2024-വരെ ദീർഘിപ്പിച്ച് 15/03/2024 ൽ സർക്കാർ ഉത്തരവായിട്ടുള്ളതിനാലും, ഖനനം ചെയ്തിരിക്കുന്ന വിവിധ കാലഘട്ടങ്ങൾ പരിഗണിച്ച് ആയതിനനുസരിച്ച് റോയൽറ്റി കണക്കാക്കണമെന്ന അപ്പീൽ കക്ഷിയുടെ ആവശ്യം അദാലത്തിൽ പരിഹരിക്കുന്നതിന് തിരുവനന്തപുരം ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.ശശീന്ദ്രൻ പിള്ള, ശ്രീരാമവിലാസം, കല്ലുവാതുക്കൽ.പി.ഒ, കൊല്ലം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ജോയിന്റ് സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.ശശീന്ദ്രൻപിള്ള, ശ്രീരാമ വിലാസം, കല്ലുവാതുക്കൽ, കൊല്ലം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 25-03-2024 13:12:24